വിനോദസഞ്ചാര മേഖലകളിൽ ബോട്ടുയാത്ര സുരക്ഷിതമാക്കുന്നതിന് നടപടി

78 [396] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര മേഖലകളിൽ ബോട്ടുയാത്രയും മറ്റും സുരക്ഷിതമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തുന്നവർ സഞ്ചാരികളുടെ ജീവൻരക്ഷ ഉറപ്പാക്കുന്നതിനായി ജീവൻരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ബോട്ടുകളിലെ ജീവനക്കാർക്ക് സേഫ്റ്റി മേഖലയിൽ പരിശീലനം നൽകാനും ടൂറിസം വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഒരു ബാച്ചിന്റെ പരിശീലനം പൂർത്തിയായിക്കഴിഞ്ഞു. ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സാണ് ഈ പരിശീലനം നടത്തിയത്.

കേരളത്തിലെ ടൂറിസം വികസനം

79 [397] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തെ മൂന്ന് മേഖലകളാക്കി തിരിച്ച് മലബാർ പ്രദേശത്തെ സാദ്ധ്യതകൾ മാർക്കറ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) വിദേശത്തുനിന്ന് ടൂറിസ്റ്റുകളെ ഓരോ മേഖലയിലെ പ്രധാന കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരികയും തിരികെ കൊണ്ടുപോവുകയും ചെയ്യുന്ന പാക്കേജ് പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) എങ്കിൽ അവ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ടൂറിസം വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തെ മൂന്ന് മേഖലകളാക്കി തിരിച്ച് ടൂറിസം സാദ്ധ്യതകൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ഇത്തരത്തിൽ പാക്കേജുകൾ രൂപപ്പെടുത്തി മാർക്കറ്റ് ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly